

മാതൃഭൂമി മീഡിയ സ്കൂളിന്റെ വിജ്ഞാനവ്യാപന പ്രവർത്തനത്തിന്റെ ഭാഗമായി കൊടുങ്ങല്ലൂർ എം.ഇ.എസ്. അസ്മാബി കോളേജിൽ നടത്തിയ മൊബൈൽ സിനിമാനിർമാണ ശില്പശാല

# മൊബൈൽ സിനിമാനിർമാണ ശില്പശാല

**തൃശ്ശൂർ** ▸ മാതൃഭൂമി മീഡിയ സ്കൂളിന്റെ സഹകരണത്തോടെ കൊടുങ്ങല്ലൂർ എം.ഇ.എസ്. അസ്മാബി കോളേജിൽ മൊബൈൽ സിനിമാനിർമാണ ശില്പശാല നടത്തി. മാധ്യമരംഗത്തെ നവീന സാങ്കേതിക വിദ്യകളിൽ യുവജനങ്ങളെ നിപുണരാക്കുകയെന്ന ലക്ഷ്യത്തോടെ സ്കൂളിന്റെ വിജ്ഞാനവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു പരിപാടി.

കോളേജ് പ്രിൻസിപ്പൽ ഡോ. എ. ബിജു ഉദ്ഘാടനം ചെയ്തു. കോളേജിലെ ഡിജിറ്റൽ ഫിലിം പ്രൊഡക്ഷൻ വകുപ്പ് മേധാവി മൈനാഗ് പരിപാടിയെക്കുറിച്ച് വിശദീകരിച്ചു. സൗജന്യ ശില്പശാലയിൽ മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള, ചെലവുകുറഞ്ഞ സിനിമാനിർമാണരീതികളിൽ വിദ്യാർഥികൾക്ക് പരിശീലനം നൽകി. രണ്ടു മിനിറ്റ് ദൈർഘ്യമുള്ള ചെറുസിനിമകൾ സ്വയം നിർമിക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കുന്ന വിധത്തിലാണ് ശില്പശാല സംഘടിപ്പിച്ചത്. അമ്പതിൽപ്പരം വിദ്യാർഥികൾ പങ്കെടുത്തു.

തിരഞ്ഞെടുക്കപ്പെട്ട കാമ്പസുകളിലാണ് ഈ വർഷം ശില്പശാലകൾ നടത്തുന്നത്. തത്പരരായ കലാലയങ്ങൾക്കും സർവകലാശാലകൾക്കും mediaschool@mpp.co.in എന്ന ഇ-മെയിൽ വിലാസത്തിലോ 9544038000 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടാം.